# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1667 16-06-2014-ലെ മറുപടിക്ക്

## ഭരണത്തിൽ കൂടുതൽ വിശ്വസ്തതയും സുതാര്യതയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എം.എ. വാഹിദ്<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു: മുഖ്യമന്ത്രി |
| (എ) ഭരണത്തിൽ കൂടുതൽ വിശ്വസ്തതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (എ) ഭരണത്തിൽ കൂടുതൽ വിശ്വസ്തതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി സർക്കാർ സേവനങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-ഗവേർണൻസ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിലൂടെ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് സർക്കാർ ഓഫീസ് വഴിയും ഓൺലൈൻ വഴിയും ഫ്രണ്ട്സ്/ അക്ഷയകേന്ദ്രങ്ങൾ വഴിയും ലഭിക്കുന്നതാണ്. ഇ-ടെണ്ടർ സംവിധാനം, സേവനാവകാശ നിയമം, വിവരാവകാശ നിയമം എന്നിവ ഭരണ സംവിധാനം വിശ്വസ്തതയും സുതാര്യതയുമാകാൻ സഹായകമാകുന്നുണ്ട്. റൈറ്റ് റ്റു ഹിയറിംഗ് സംവിധാനം നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. അപേക്ഷകളിൽ കാലതാമസം കൂടാതെ എത്രയും വേഗം തീരുമാനം എടുക്കുന്നതിന്റേയും നടപടി ക്രമങ്ങൾ സുതാര്യവുമാക്കുന്നതിന്റേയും ഭാഗമായി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ വൽക്കരണം, കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS, e-office തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പാക്കിവരുന്നു. |

| | | |
|---|---|---|
| (ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി ഒരു പേഴ്സണൽ പോളിസി രൂപീകരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?<br><br>(സി) ആയതിനായി എന്തെല്ലാം പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ബി) യും (സി) യും | വിശ്വസ്തതയും സുതാര്യതയും ഉറപ്പുവരുത്തുന്ന ഒരു പേഴ്സണൽ പോളിസി രൂപീകരിച്ച് നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ